## SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 03/25 (225th ) Meeting of the Syndicate held on 29.03.2025 at 11.00 a.m at University Head Quarters, Kalady

## Members Present:

| | | |
|---|---|---|
| 1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 3. ശ്രീ. ആർ അജയൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. ഡോ. രാമൻകുട്ടി പി. വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. ഡോ. വി. ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. ഡോ. മിനി ടി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. ഡോ. ഓമന പി. വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. ഡോ. ശിവദാസൻ. പി , സിൻഡിക്കേറ്റംഗം | - | ഒപ്പ് |

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

ദളിത് ചിന്തകനും എഴുത്തുകാരനുമായ കെ.കെ. കൊച്ച്, ഹിന്ദി-മലയാളം എഴുത്തുകാരനായിരുന്ന വി.കെ. ബാലകൃഷ്ണൻ നായർ, നമ്മുടെ പൂർവ്വ വിദ്യാർത്ഥിയും വേദാന്ത വിഭാഗത്തിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗവും, ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന കമ്മറ്റി അംഗവുമായിരുന്ന ഡോ. രഞ്ജിനി എം. തുടങ്ങിയവരുടെ നിര്യാണത്തിലും മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

18.02.2025 തീയതിയിലെ 224-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 7 മികവിന്റെ കേന്ദ്രങ്ങളിൽ ഒന്നായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജെൻഡർ ഇക്വിറ്റി സർവകലാശാലയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച ധാരണാപത്രം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ് സർവകലാശാല വൈസ് ചാൻസലർക്ക് കൈമാറി.
2. സർവകലാശാല സേവനത്തിൽ നിന്നും 28.02.2025 ന് വിരമിച്ച ഓഫീസ് അറ്റൻഡന്റ് ശ്രീമതി കല എം.കെ യ്ക്ക് ഉചിതമായ യാത്രയയപ്പ് നൽകി.
3. മലപ്പുറം ജില്ലയിലെ ഏലംകുളത്തുള്ള പട്ടംതൊടി തറവാട്ടിൽ കാലങ്ങളായി സൂക്ഷിച്ചു വച്ചിരുന്ന അമൂല്യങ്ങളായിരുന്ന താളിയോല ഗ്രന്ഥങ്ങൾ സംസ്കൃത സർവകലാശാലയിലെ താളിയോല ഗ്രന്ഥശാലയ്ക്ക് സൗജന്യമായി നൽകി. പട്ടംതൊടി തറവാട്ടിൽ പരേതനായ പി. നാരായണന്റെ ഭാര്യ ശാന്തകുമാരി ഓടത്ത് താളിയോല ഗ്രന്ഥങ്ങളുടെ ശേഖരം വൈസ് ചാൻസലർക്ക് 17.02.2025 ന് കൈമാറി.
4. സർവകലാശാലയിലെ പ്ലെയ്സ്മെന്റ് സെൽ, എംപ്ലോയ്മെന്റ് സെൽ, എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ, കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 20-ാം തീയതി കാലടി മുഖ്യ ക്യാമ്പസിൽ ജോബ് ഫെയർ 'പ്രയുക്തി' എന്ന പേരിൽ സംഘടിപ്പിച്ച തൊഴിൽമേളയിൽ 18 സ്ഥാപനങ്ങളിലേക്ക് 973 ജോലി ഒഴിവുകൾക്കായി 632 പേർ അഭിമുഖത്തിന് പങ്കെടുക്കുകയും അതിൽ 32 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.

5. സർവകലാശാലയിലെ കായിക വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച ശ്രീശങ്കര കപ്പിന് വേണ്ടിയുള്ള ഓൾ കേരള ഇന്റർ കോളേജിയേറ്റ് വോളിബോൾ ടൂർണ്ണമെന്റിൽ അരുവിത്തറ സെന്റ് ജോർജ്ജ് കോളേജ് ജേതാക്കളായി.

6. എറണാകുളം ജില്ലാപഞ്ചായത്ത്, ജില്ലാ സാമൂഹ്യ നീതി വിഭാഗം, ജില്ലാ സാമൂഹ്യ സുരക്ഷാ മിഷൻ, സർവകലാശാലാ സാമൂഹിക പ്രവർത്തക വിഭാഗം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലാ വയോജന സംഗമം "സ്നേഹതണൽ 2025" സർവകലാശാല ആസ്ഥാനത്തുവച്ച് 01.03.2025 ന് നടന്നു. പ്രതിപക്ഷ നേതാവ് ശ്രീ വി.ഡി. സതീശൻ ഉദ്ഘാടനം നിർവഹിച്ചു. രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് ചടങ്ങിൽ പങ്കെടുത്തു.

7. ഇന്റർനാഷണൽ സ്കൂൾ ഫോർ ശ്രീശങ്കരാചാര്യ സ്റ്റഡീസും ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച്, ന്യൂഡൽഹിയും സംയുക്തമായി സർവകലാശാലയിൽ ദ്വിദിന ദേശീയ സംവാദ സദസ്സ് 2025 മാർച്ച് 3,4 തീയതികളിലായി സംഘടിപ്പിച്ചു. ഇന്ത്യൻ കൗൺസിൽ ഫോർ ഫിലോസഫിക്കൽ റിസർച്ച് മെമ്പർ സെക്രട്ടറി പ്രൊഫ. സച്ചിദാനന്ദ മിശ്രഉദ്ഘാടനം നിർവഹിച്ചു. വൈസ് ചാൻസലർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

8. 2025 മാർച്ച് 3 മുതൽ 7 വരെ ഉത്തർപ്രദേശിലെ അമിറ്റി സർവകലാശാലയിൽ വച്ച് നടന്ന 38-ാം മത് അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ഇന്റർ യൂണിവേഴ്സിറ്റി നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ നൃത്ത ഇനങ്ങളിൽ സർവകലാശാല ഓവറോൾ ചാംമ്പ്യൻമാരായി. കലോത്സവത്തിൽ പങ്കെടുത്ത ടീമിലെ എല്ലാ അംഗങ്ങളേയും അഭിനന്ദിക്കുന്നു.

9. ഐ.ക്യു.എ.സി യുടെ ആഭിമുഖ്യത്തിൽ 2025 മാർച്ച് 03 മുതൽ 7-ാം തീയതിവരെ ഭരണവിഭാഗം ജീവനക്കാർക്കായി ട്രെയിനിംഗ് സംഘടിപ്പിച്ചു.

10. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 മാർച്ച് നാലിന് സംഘടിപ്പിച്ച ദലിത് ബന്ധു എൻ. കെ. ജോസ് അനുസ്മരണ പ്രഭാഷണം ഹൈദരാബാദ് സർവകലാശാല ചരിത്രവിഭാഗം പ്രൊഫസർ, ഡോ. ഭാംഗ്യ ഭുഖ്യാ നിർവഹിച്ചു. 'രചനകളിലെ ആദിവാസികൾ വൈജ്ഞാനികവും രീതിശാസ്ത്രപരവുമായ ആശങ്കകൾ' എന്നതായിരുന്നു പ്രഭാഷണ വിഷയം. അനുസ്മരണ സമ്മേളനത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.

11. അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖിലേന്ത്യ അന്തർ സർവകലാശാല ശരീര സൗന്ദര്യ (ബെസ്റ്റ് ഫിസിക്) പുരുഷ വിഭാഗം ചാമ്പ്യൻഷിപ്പ് 2025 മാർച്ച് 07 മുതൽ 09 വരെ സർവകലാശാലാ കായിക വിഭാഗത്തിന്റെ നേതൃത്വത്തിൽ കാലടി മുഖ്യ കേന്ദ്രത്തിൽവച്ച് സംഘടിപ്പിച്ചു. ബഹു. അങ്കമാലി എം.എൽ.എ ശ്രീ റോജി. എം. ജോൺ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വൈസ് ചാൻസലർ അധ്യക്ഷത വഹിച്ചു. മത്സരത്തിൽ കോഴിക്കോട് സർവകലാശാല ബെസ്റ്റ് ഫിസിക് ചാമ്പ്യൻഷിപ്പ് ഓവറോൾ കിരീടം നേടി. ചാമ്പ്യൻഷിപ്പ് വിജയകരമായി നടത്തുന്നതിന് നേതൃത്വം വഹിച്ച കായിക വിഭാഗത്തിലെ അധ്യാപകരേയും വിദ്യാർത്ഥികളേയും കൂടാതെ അതിനായി സഹകരിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു.

12. കാലടി മുഖ്യ കേന്ദ്രത്തിൽ സർവകലാശാല സാഹിത്യവിഭാഗത്തിന്റെ നേതൃത്വത്തിൽ "ശ്രീനാരായണ വിജ്ഞാനീയം" എന്ന വിഷയത്തിൽ പ്രൊഫ. ധർമ്മരാജ് അടാട്ട് എൻഡോവ്മെന്റ് പ്രഭാഷണം 2025 മാർച്ച് 11 ന് സംഘടിപ്പിച്ചു. കേരള സർവകലാശാല മലയാള വിഭാഗം പ്രൊഫസർ ഡോ. എം.എ സിദ്ദിഖ് മുഖ്യ പ്രഭാഷണം നടത്തി.

13. കാലടി മുഖ്യ കേന്ദ്രത്തിൽ സാമൂഹിക പ്രവർത്തക വിഭാഗം ഡിസബിലിറ്റി ആൻഡ് ഇൻക്ലൂസിവിറ്റി എന്ന വിഷയത്തിൽ 2025 മാർച്ച് 14 ന് ദേശീയ കോൺഫറൻസ് 'ഇൻക്ലൂസിയ 2025' സംഘടിപ്പിച്ചു. വൈസ് ചാൻസലർ കോൺഫറൻസിന്റെ ഉദ്ഘാടനം നിർവഹിച്ചു. 2025 മാർച്ച് 15 ന് സാമൂഹിക പ്രവർത്തക വിഭാഗം 'കൂട്ട് 2025' സംഘടിപ്പിച്ചു.

14. 10.03.2025 മുതൽ 16.03.2025 വരെ സർവകലാശാലയിലെ സംസ്കൃതം വേദാന്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യക്യാമ്പസിൽ സപ്തദിന ദേശീയ ശില്പശാല സംഘടിപ്പിച്ചു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസ്സി മാത്യു ശില്പശാല ഉദ്ഘാടനം ചെയ്തു. സംസ്കൃത പണ്ഡിതൻ പ്രൊഫ. വി. രാമകൃഷ്ണഭട്ടിനെ ചടങ്ങിൽ ആദരിച്ചു.

15. കാലടി മുഖ്യ കേന്ദ്രത്തിലെ സംസ്കൃത ന്യായ വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 മാർച്ച് 17 മുതൽ 22 വരെ Nyaya Manjari of Jayanta എന്ന വിഷയത്തിൽ നാഷണൽ ലെവൽ Textual Workshop സംഘടിപ്പിച്ചു.

16. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വേദാന്ത വിഭാഗത്തിന്റെ നേതൃത്വത്തിൽ ദേശീയ പ്രഭാഷണ പരമ്പര 2025 മാർച്ച് 17 മുതൽ 21 വരെ സംഘടിപ്പിച്ചു. പ്രസ്തുത ചടങ്ങ് വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ചു.

17. സർവകലാശാലയിലെ സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസിന്റെ നേതൃത്വത്തിൽ അനുവൽ പബ്ളിക് എക്സിബിഷൻ " ഉടലും ഉടുപ്പും" 2025 മാർച്ച് 17 മുതൽ 21 വരെ സർവകലാശാല മുഖ്യ കേന്ദ്രത്തിലെ കനകധാരാ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചു.

18. സർവകലാശാലയിലെ സംസ്കൃത സാഹിത്യ വിഭാഗവും ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ദ ആർട്സ്, തൃശ്ശൂർ പ്രാദേശിക കേന്ദ്രവും (IGNCA) സംയുക്തമായി സംഘടിപ്പിച്ച സെമിനാറും കൂടിയാട്ട അവതരണവും കാലടി മുഖ്യ ക്യാമ്പസിൽവച്ച് 2025 മാർച്ച് 17 ന് നടന്നു. സെമിനാറിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു. IGNCA യുടെ തൃശ്ശൂർ റീജിയണൽ ഡയറക്ടർ ഡോ. കെ. രാജശേഖരൻ മുഖ്യ പ്രഭാഷണം നടത്തി.

19. സർവകലാശാല കാലടി മുഖ്യകേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 മാർച്ച് 19, 20, 21 തീയതികളിലായി പണ്ഡിറ്റ് സുബ്ബരാമപട്ടർ എൻഡോവ്മെന്റ് അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിച്ചു. പ്രസ്തുത കോൺഫെറൻസിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.

20. സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്സാസ്റ്റർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 2025 മാർച്ച് 21 ന് Current trends and challenges in Disaster Risk Reduction and Management എന്ന വിഷയത്തിൽ ഏകദിന വർക് ഷോപ്പ് സംഘടിപ്പിച്ചു.

21. കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ ഹിന്ദി വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 മാർച്ച് 20, 21, 22 തീയതികളിലായി ADEP പ്രോഗ്രാമിന്റെ ഭാഗമായി മൂന്ന് ദിവസത്തെ നാഷണൽ

വർക് ഷോപ്പ് സംഘടിപ്പിച്ചു. ഡോ. സർവേഷ് മൗര്യ, NCERT, മൈസൂർ മുഖ്യ പ്രഭാഷണം നടത്തി.

22. സർവകലാശാല കാലടി മുഖ്യകേന്ദ്രത്തിലെ ഹിന്ദി വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ഹിന്ദി നാടകങ്ങളിലെ ആദിവാസി ജീവിതം' എന്ന വിഷയത്തിൽ 2025 മാർച്ച് 24, 25 തീയതികളിലായി ദേശീയ സെമിനാർ സംഘടിപ്പിച്ചു. ഡോ. ഷമിം അലിയാർ, റിട്ടയേർഡ് പ്രൊഫസർ, കൊച്ചി സർവകലാശാല, ദേശീയ സെമിനാറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

23. സർവകലാശാല കാലടി മുഖ്യകേന്ദ്രത്തിൽ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "സംസ്കാരിക പഠനം: പുനരാലോചനയുടെ വഴികൾ" എന്ന വിഷയത്തിൽ 2025 മാർച്ച് 24, 25, 26 തീയതികളിലായി നാഷണൽ സെമിനാർ സംഘടിപ്പിച്ചു. ഡോ. എ. കെ രാമകൃഷ്ണൻ സെമിനാറിന്റെ ഉദ്ഘാടനം നിർവഹിച്ചു.

24. സർവകലാശാലയിലെ മോഹിനിയാട്ടം വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ദക്ഷിണേന്ത്യൻ ക്ലാസിക്കൽ നൃത്ത രൂപങ്ങൾ ഭൂതകാലവും വർത്തമാനവും' എന്ന വിഷയത്തിൽ ത്രിദിന ദേശീയ സെമിനാർ 2025 മാർച്ച് 26, 27, 28 തീയതികളിൽ സംഘടിപ്പിച്ചു. പ്രശസ്ഥ മോഹിനിയാട്ടം നർത്തകി ഡോ. ദീപ്തി ഓംചേരി സെമിനാർ ഉദ്ഘാടനം ചെയ്തു.

25. ICSSR ന്റെ മൈനർ റിസർച്ച് പ്രോജക്റ്റ് സർവകലാശാല ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. പി.എച്ച്. ഇബ്രാഹിംകുട്ടി, സംസ്കൃത സാഹിത്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. പത്മദാസ് കെ.എൽ, സംസ്കൃത ന്യായ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. രജിത സി. എന്നിവർക്ക് ലഭിച്ചിട്ടുണ്ട്. ഈ നേട്ടം കൈവരിച്ച അധ്യാപകരെ അഭിനന്ദിക്കുന്നു.

26. സർവകലാശാലയിലെ 2025-26 അധ്യയന വർഷത്തെ പി.ജി, പി.ജി ഡിപ്ലോമ പ്രോഗ്രാമുകളുടെ പ്രവേശനത്തിനായുള്ള നോട്ടിഫിക്കേഷൻ ക്ഷണിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

27. സർവകലാശാലയും വിയന്നയിലെ സെൻട്രൽ യൂറോപ്യൻ സർവകലാശാലയുമായുള്ള MOU ന്റെ ഭാഗമായി Erasmus + students mobility scheme ൽ സെൻട്രൽ യൂറോപ്യൻ സർവകലാശാലയിലെ ഒരു സെമസ്റ്ററിൽ പഠനം നടത്തുന്നതിനായി സോഷ്യോളജി വകുപ്പ് ഗവേഷണ വിദ്യാർത്ഥിയായ അപർണ്ണ ഡി, ചരിത്ര വിഭാഗത്തിലെ ഗവേഷക ഗ്രേസ് പി. ജോൺസിനേയും തെരഞ്ഞെടുത്തിട്ടുണ്ട്. ടി വിദ്യാർത്ഥികളെ അനുമോദിച്ചുകൊണ്ടുള്ള ചടങ്ങ് 26.03.2025 ന് സംഘടിപ്പിച്ചു.

28. പെയിന്റിംഗ് വിഭാഗത്തിലെ ബി.എഫ്.എ/എം.എഫ്.എ വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായുള്ള കലാസൃഷ്ടികളുടെ വാർഷിക പ്രദർശനം ഫൈനൽ ഡിസ്പ്ലേ 2025, 2025 മാർച്ച് 26 മുതൽ 31 വരെ കാലടി മുഖ്യകേന്ദ്രത്തിൽ വച്ച് നടന്നുവരുന്നു. വാർഷിക പ്രദർശനത്തിന്റെ ഉദ്ഘാടനം പ്രശസ്ത ചിത്രകാരൻ ശ്രീ. നിവിൻ ചോപ്ര നിർവഹിച്ചു.

29. സർവകലാശാല കാലടി മുഖ്യ കേന്ദ്രത്തിൽ ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "Santh Kaavya Parampara as Hamaara Samay" എന്ന വിഷയത്തിൽ 2025 മാർച്ച് 27, 28 തീയതികളിലായി നാഷണൽ സെമിനാർ സംഘടിപ്പിച്ചു. ബനാറസ് ഹിന്ദു സർവകലാശാലയിലെ പ്രൊഫസർ ഡോ. പ്രഭാഗർ സിങ്ങ് മുഖ്യഭാഷണം നടത്തി.

30. സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത വ്യാകരണ വിഭാഗം സംഘടിപ്പിച്ച ദ്വിദിന ദേശീയ വാക്യാർത്ഥ സദസ്സ് 2025 മാർച്ച് 27, 28 തീയതികളിലായി സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ചു.

31. സർവകലാശാലയിൽ പുതുതായി ആരംഭിക്കുന്ന ബി.എ/ബി.എഡ് കോഴ്സിലേക്ക് കരാർ അടിസ്ഥാനത്തിൽ വകുപ്പുതലവനേയും/അധ്യാപകരേയും നിയമിക്കുന്നതിനുവേണ്ടിയുള്ള വാക്-ഇൻ-ഇന്റർവ്യൂ 2025 മാർച്ച് 28 ന് നടന്നു.

32. സർവകലാശാല കാലടി മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വേദാന്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Mahabharatha a Source Book of Indian Philosophy എന്ന വിഷയത്തിൽ 2025 മാർച്ച് 28, 29 തീയതികളിലായി നാഷണൽ സെമിനാർ സംഘടിപ്പിച്ചു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No. 2**

2025-26 വർഷത്തെ വാർഷിക ബഡ്ജറ്റും 2024-25 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റും അംഗീകരിക്കുന്നത് -സംബന്ധിച്ച്.

29.03.2025 ൽ കൂടിയ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് 2025-2026 ലേക്കുള്ള സർവകലാശാല ബജറ്റ് അംഗീകരിക്കാൻ തീരുമാനിച്ചു.

| BUDGET ESTIMATES FOR 2025-26 AT A GLANCE | | | | | |
|---|---|---|---|---|---|
| RECEIPTS | | | | | |
| **Accounts 2023-24** | **Budget Estimates 2024-25** | **Actual Receipt upto 31.12.2024** | **Revised Estimates 2024-25** | **Head** | **Budget Estimates 2025-26** |
| 77,25,76,100 | 79,08,00,000 | 59,00,90,812 | 79,08,00,000 | PART I - NON PLAN | 81,57,23,000 |
| 11,21,30,367 | 28,38,00,000 | 1,71,82,088 | 28,38,00,000 | PART II - PLAN | 28,38,00,000 |
| 28,75,723 | 42,00,000 | 9,52,890 | 42,00,000 | PART III - EARMARKED FUNDS | 46,00,000 |

| | | | | | |
|---|---|---|---|---|---|
| 18,88,75,360 | 33,32,00,000 | 14,68,42,524 | 33,32,00,000 | PART IV - DEBTS & DEPOSITS | 44,52,00,000 |
| **1,07,64,57,550** | **1,41,20,00,000** | **75,50,68,314** | **1,41,20,00,000** | **TOTAL RECEIPTS** | **1,54,93,23,000** |
| | | | | | |
| **EXPENDITURE** | | | | | |
| **Accounts 2023-24** | **Budget Estimates 2024-25** | **Actual Expenditure upto 31.12.2024** | **Revised Estimates 2024-25** | **Head** | **Budget Estimates 2025-26** |
| 73,61,91,315 | 97,94,30,000 | 56,89,50,011 | 84,28,86,000 | PART I - NON PLAN | 96,13,00,000 |
| 6,68,83,142 | 28,38,00,000 | 2,94,91,101 | 28,38,00,000 | PART II - PLAN | 28,38,00,000 |
| 17,75,464 | 42,00,000 | 24,27,734 | 42,00,000 | PART III - EARMARKED FUNDS | 46,00,000 |
| 18,58,38,372 | 33,32,00,000 | 15,08,33,249 | 33,32,00,000 | PART IV - DEBTS & DEPOSITS | 44,52,00,000 |
| **99,06,88,293** | **1,60,06,30,000** | **75,17,02,095** | **1,46,40,86,000** | **TOTAL EXPENDITURE** | **1,69,49,00,000** |

# ADDITIONAL AGENDA

**Item No. 1**

Report of the Vice Chancellor-

മെയിൻ അജൻഡ ഐറ്റം നമ്പർ 1 കാണുക.

**Item No. 2**

## Award of Ph.D Degree

a) Smt. Elji Susan Eldo in Translation Studies [No. EA/PhD/839/SSUS/2024]
b) Smt. Jeseendha P. Thomas in Sanskrit Sahitya [No. EA/PhD/852/SSUS/2023]

c) Smt. Ramya T.M. in Sanskrit Sahitya [No. EA/PhD/832/SSUS/2023]
d) Smt. Sreerekha P. R in Manuscriptology [No. EA/PhD/510/SSUS/2017]
e) Smt. Gopika Gopinathan in History [No. EA/PhD/825/SSUS/2023]
f) Smt. Shiya Jubi in Sanskrit Nyaya [No. EA/PhD/846/SSUS/2024]
g) Smt. Rema K R in Sanskrit Nyaya [No. EA/PhD/621/SSUS/2019]
h) Sri. Vishnuraj B in Malayalam [No. EA/PhD/833/SSUS/2023]
i) Smt. Niveditha K in Sanskrit Vedanta [No. EA/PhD/857/SSUS/2024]
j) Smt. Latha Mani M in Malayalam [No. EA/PhD/840/SSUS/2024]
k) Smt. Jessica Sudhir M in English [No. EA/PhD/786/SSUS/2023]
l) Smt. Rima A B in Sanskrit Literature [No. EA/PhD/770/SSUS/2022]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 24.03.2025, it is resolved to award Ph.D to the following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Elji Susan Eldo | Faculty of Indian Languages | 23.01.2025 |
| b) | Smt. Jeseendha P. Thomas | Faculty of Sanskrit Literature | 06.02.2025 |
| c) | Smt. Ramya T.M | Faculty of Sanskrit Literature | 29.01.2025 |
| d) | Smt. Sreerekha P. R | Faculty of Sanskrit Literature | 14.02.2025 |
| e) | Smt. Gopika Gopinathan | Faculty of Arts & Social Sciences | 13.02.2025 |
| f) | Smt. Shiya Jubi | Faculty of Indian Logic | 05.02.2025 |
| g) | Smt. Rema K R | Faculty of Indian Logic | 19.02.2025 |
| h) | Sri. Vishnuraj B | Faculty of Indian Languages | 18.02.2025 |
| i) | Smt. Niveditha K | Faculty of Indian Metaphysics | 25.02.2025 |
| j) | Smt. Latha Mani M | Faculty of Indian Languages | 13.03.2025 |
| k) | Smt. Jessica Sudhir M | Faculty of Foreign Languages | 11.03.2025 |
| l) | Smt. Rima A B | Faculty of Sanskrit Literature | 12.03.2025 |

a) Smt. Elji Susan Eldo Research Scholar in Translation Studies under the Faculty of Indian Languages for the Ph.D thesis titled **“Across the Cultural Borders: An Analysis of Children’s Literature in Translation”,**under the guidance of Dr. V R Muralidharan, Professor (Rtd), Department of Sanskrit Sahitya, SSUS, Kalady

b) Smt. Jeseendha P. Thomas Research Scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, **“Women Contribution to Sanskrit Literature with Special Reference to Kerala Art Forms”**,under the guidance of Dr. Rajee P V, Professor, Department of Sanskrit Sahitya, SSUS, Kalady

c) Smt. Ramya T.M Research Scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, **“Contribution of Jayadeva to Sanskrit Literature with Special Reference to Prasannaraghava”,**under the guidance of Dr. E Suresh Babu, Associate Professor, Department of Sanskrit Sahitya, SSUS, RC Koyilandy,

d) Smt. Sreerekha P. R Research Scholar in Manuscriptology under the Faculty of Sanskrit Literature Ph.D. thesis titled,**“A Study and Critical Edition of Anvayabodhika of Nityamrtayati”,**under the guidance of Dr. K. K Madhusoodhanan, SSUS, Kalady

e) Smt. Gopika Gopinathan Research Scholar in History under the Faculty of Arts & Social Sciences Ph.D. thesis titled, **“Urbanisation of Kollam 1800-1956”,**under the guidance of Dr. E K Rajan, Associate Professor, Department of History, SSUS, Kalady

f) Smt. Shiya Jubi Research Scholar in Sanskrit Nyaya under the Faculty of Indian Logic Ph.D. thesis titled, **“A Study of Laugākṣi Bhāskarā’s Tarkakaumudī”,**under the guidance of Dr. V Vasudevan, Professor (Rtd.), Department of Sanskrit Nyaya , SSUS, Kalady

g) Smt. Rema K R Research Scholar in Sanskrit Nyaya under the Faculty of Indian Logic Ph.D. thesis titled, **“The Concept of Action (Karma) in Nyāya – Vaiśeṣika Philosophy”,**under the guidance of Dr. K G Kumary, Professor, Department of Sanskrit Nyaya, SSUS, Kalady

h) Sri. Vishnuraj B Research Scholar in Malayalam under the Faculty of Indian Languages Ph.D. thesis titled,**“**മലയാളത്തിന്റെ **വ്യവസ്ഥാപനവും**

ഭാഷാദേശീയതയും**”,**under the guidance of Dr. Abdul Lathief V, Assistant Professor, Department of Malayalam, SSUS,RC, Koyilandy

i) Smt. Niveditha K Research Scholar in Sanskrit Vedanta under the Faculty of Indian Metaphysics Ph.D. thesis titled, **“Concept of annam: Study based on Prasthānatrayabhāṣya of Śri Śankara”,**under the guidance of Dr. V Vasanthakumari, Professor, Department of Sanskrit Vedanta, SSUS, Kalady

j) Smt. Latha Mani M Research Scholar in Malayalam under the Faculty of Indian Languages Ph.D. thesis titled, **“**മലയാളത്തിലെ ദലിത് വിമർശന പഠനങ്ങൾ സംസ്കാര വിമർശന വിചാരം**”,**under the guidance of Dr. A Sheelakumari, Professor (Rtd.) Department of Malayalam , SSUS, Kalady

k) Smt. Jessica Sudhir Research Scholar in English under the Faculty of Foreign Languages Ph.D. thesis titled, **“The Politics of Sexuality: Redefining the Female in Muslim Women Fiction”,**under the guidance of Dr. Raji B Nair, Professor, Department of English, SSUS, Kalady

l) Smt. Rima A B Research Scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, **“Transformation of Yoga in Pre-modern India”,**under the guidance of Dr. L Sudharmani, Professor(Rtd), SSUS, Kalady

**<u>Item No. 3</u>**

2024 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം. എ. തീയറ്റർ (റെഗുലർ) പരീക്ഷയിൽ വിജയികളായ വിദ്യാർത്ഥികളുടെ പരീക്ഷഫലം അംഗീകരിക്കുന്നതും ബിരുദം നൽകുന്നതും - സംബന്ധിച്ച്. (No. 2142/Exam B1/ SSUS /2024)

24.03.2025 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2024 ഏപ്രിൽ മാസത്തിലെ 4-ാം സെമസ്റ്റർ എം എ തീയറ്റർ (റഗുലർ) പരീക്ഷയിൽ വിജയികളായ വിദ്യാർത്ഥികളുടെ 05.09.2024 തീയതിയിലെ പരീക്ഷാഫലം അംഗീകരിക്കുന്നതിനും, ഡിഗ്രി അവാർഡ് ചെയ്യുന്നതിനും തീരുമാനിച്ചു.

**<u>Item No. 4</u>**

UG, PG പ്രോഗ്രാമുകൾ സെമസ്റ്റർ ഗ്രേഡ് ഷീറ്റ് ഒഴിവാക്കുന്നത് സംബന്ധിച്ച്. (No.00424 /EXAMB1 /SSUS /2025(1))

24.03.2025 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2024 മുതൽ യു ജി, പി ജി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഗ്രേഡ് ഷീറ്റുകൾ ഡിജിലോക്കറിൽ അപ്‌ലോഡ് ചെയ്യുന്നത് പരിഗണിച്ച് കൺസോളിഡേറ്റ് ഒഴികെയുള്ള സെമസ്റ്റർ ഗ്രേഡുകൾ പ്രിന്റ് ചെയ്യുന്ന രീതി ഒഴിവാക്കി അവ സ്റ്റുഡന്റ്സ് പോർട്ടലിൽ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

പ്രസ്തുത വിദ്യാർത്ഥികൾക്ക് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് മാത്രം പ്രിന്റ് ചെയ്തു നൽകുന്നതിനും, പ്രിന്റഡ് സെമസ്റ്റർ ഗ്രേഡ് ഷീറ്റ് വേണ്ട വിദ്യാർത്ഥികൾക്ക് ഫീസ് അടച്ച് അപേക്ഷിക്കുന്ന മുറയ്ക്ക് പ്രിന്റ് ചെയ്തു നൽകുന്നതിനും തീരുമാനിച്ചു.

## **Item No. 5**

2015-2019 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് അനുവദിക്കുന്നത് - സംബന്ധിച്ച്. (No. 00697/ACDB3/SSUS/2025 (1))

24.03.2025 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2015 പ്രവേശനത്തിലെ ബി എ മ്യൂസിക്, ഡാൻസ്, സംസ്കൃതം വിദ്യാർത്ഥികൾക്കായി മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചു. മേഴ്സി ചാൻസിനുള്ള മുൻ സിൻഡിക്കേറ്റ് തീരുമാനപ്രകാരമുള്ള അപേക്ഷ ഫീസ്/ പരീക്ഷ ഫീസ് ബാധകമാക്കാനും തീരുമാനിച്ചു.

## **Item No. 6**

സർവകലാശാല പരീക്ഷകളുടെ ചോദ്യപേപ്പറുകൾ സർവകലാശാല പ്രസ്സിൽ പ്രിന്റ് ചെയ്യുന്നതിനും, പാക്കിങ് പൂർത്തിയാക്കി വിതരണം ചെയ്യുന്നതിനും ആവശ്യമായ മാർഗ്ഗനിർദേശം തയ്യാറാക്കിയത് അംഗീകരിക്കുന്നത് - സംബന്ധിച്ച് .(നം.ഇ.എ/18838/എസ് എസ് യു എസ്/2022(II))

a) 24.03.2025 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാല പരീക്ഷകളുടെ ചോദ്യപേപ്പറുകൾ സർവകലാശാല പ്രസ്സിൽ പ്രിന്റ് ചെയ്യുന്നതിനും, പാക്കിങ് പൂർത്തിയാക്കി വിതരണം ചെയ്യുന്നതിനും ആവശ്യമായ മാർഗ്ഗനിർദേശം തയ്യാറാക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ കരട് മാർഗ്ഗ നിർദേശങ്ങൾ അംഗീകരിക്കുവാൻ തീരുമാനിച്ചു. മാർഗ്ഗനിർദേശങ്ങളിൽ പ്രൊവൈസ്ചാൻസലറുടെ ചുമതലകൾ രേഖപ്പെടുത്തിയ ഭാഗങ്ങളിൽ എല്ലാം പ്രൊഫസർ ഇൻ ചാർജ് ഓഫ് എക്സാമിനേഷൻ / പരീക്ഷാകൺട്രോളർ എന്നീ ഓഫീസർമാരെ കൂടി ചേർത്ത് അധികാരപ്പെടുത്തേണ്ടതാണ് എന്നും തീരുമാനിച്ചു.

b) ഓൺലൈൻ ചോദ്യപേപ്പർ വിതരണത്തിന് ഭൗതിക സാഹചര്യം ഒരുക്കാനും, അതിന് ശേഷം പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യ പേപ്പർ വിതരണം ചെയ്യാനും തീരുമാനിച്ചു.

c) പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസിന് സർവകലാശാല വാഹനം അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 7**

പരീക്ഷാ (എ) വിഭാഗം - ഡിജിറ്റൈസ്ഡ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് - സംബന്ധിച്ച്. (No. EA/PhD/330/SSUS/2023)

07.03.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടേയും, 24.03.2025 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് സി-ഡിറ്റ് 22.03.2025 തീയതി നൽകിയ ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പ്രൂഫിൽ താഴെ കാലടി, കേരള എന്ന് ഇംഗ്ലീഷിൽ മാത്രം രേഖപ്പെടുത്തിയത് (സീരിയൽ നമ്പർ 3 ഡിഗ്രി സർട്ടിഫിക്കറ്റ്) സി-ഡിറ്റ് നിർദേശിച്ച സെക്യൂരിറ്റി ഫീച്ചേഴ്സ് ചേർത്ത പ്രൂഫ് അംഗീകരിക്കുവാൻ തീരുമാനിച്ചു.

5000 ഡിഗ്രി സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിന് സി-ഡിറ്റ് സമർപ്പിച്ച 2,65,500/- രൂപയുടെ ഫിനാൻഷ്യൽ പ്രൊപ്പോസൽ അംഗീകരിക്കുവാൻ തീരുമാനിച്ചു.

കൂടാതെ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനുള്ള കളർ പ്രിന്റർ സി-ഡിറ്റ് സമർപ്പിച്ച സ്പെസിഫിക്കേഷൻ പ്രകാരം വാങ്ങുന്നതിനും തീരുമാനിച്ചു.

**Item No. 8**

വിവിധ പ്രോഗ്രാമുകളുടെ റൂറൽ ക്യാമ്പ്, ഫീൽഡ് വർക്ക് / ഇന്റേൺഷിപ്പ് തുടങ്ങിയവയ്ക്കു ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്. (No. 02442/ACDC2/SSUS/2023 (1))

07.03.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് സോഷ്യോളജി, ജ്യോഗ്രഫി എന്നീ കോഴ്സുകൾക്ക് ഫീൽഡ് വർക്കിന് തുക സ്പെഷ്യൽ ഫീ യിൽ ഉൾപ്പെടുത്താനും, പ്രസ്തുത ഫീസ് ഇനത്തിൽ 600/- രൂപ ഈടാക്കാനും തീരുമാനിച്ചു. ഇന്റേൺഷിപ്പിന് വരുന്നവർക്ക് ഫീസ് നിശ്ചയിക്കാൻ ഫിനാൻസ് കമ്മറ്റിയെ ചുമതലപ്പെടുത്തി.

**Item No. 9**

സർവകലാശാല റഗുലേഷൻ വ്യവസ്ഥ ചെയ്യുന്ന നിശ്ചിത സമയത്തിന് പുറമെ പ്രബന്ധ സമർപ്പണത്തിനായി അനുമതി നൽകിയിട്ടും പ്രബന്ധം സമർപ്പിക്കാത്ത പക്ഷം പ്രസ്തുത അപേക്ഷകളിന്മേൽ ഫീ ഈടാക്കുന്നത് സംബന്ധിച്ച് -(No. 01046/ ACDA3 /SSUS/ 2024(1))

07.03.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് പ്രബന്ധ സമർപ്പണത്തിന്റെ അനുമതി നൽകിയ സ്വാഭാവിക കാലാവധിക്ക് ശേഷം വൈകിയ ഓരോ

ദിവസത്തിനും ഒരു ദിവസം 100 രൂപ നിരക്കിൽ ഈടാക്കി പ്രബന്ധം സമർപ്പിക്കാൻ അനുമതി നൽകാൻ തീരുമാനിച്ചു. പ്രത്യേക സാഹചര്യങ്ങളിൽ വിദ്യാർത്ഥിയുടേതല്ലാത്ത കാരണങ്ങളാൽ പ്രബന്ധ സമർപ്പണം വൈകുമ്പോൾ സിൻഡിക്കേറ്റിന്റെ അനുമതിയോടെ തുകയിൽ ഇളവ് വരുത്തുവാനും തീരുമാനിച്ചു.

**Item No. 10**

30.11.2014 ന മുൻപ് രജിസ്റ്റർ ചെയ്ത നാളിതു വരെ പ്രബന്ധം സമർപ്പിക്കാത്ത ഗവേഷകരുടെ പ്രബന്ധ സമർപ്പണത്തിൽ തീർപ്പു കല്പിക്കുന്നതുമായി ബന്ധപ്പെട്ട് 04.03.2024 തീയതിയിൽ സർവകലാശാല ആസ്ഥാനത്തു വച്ച് നടന്ന അദാലത്തിൽ പങ്കെടുത്ത സെന്റർ ഫോർ ട്രാൻസ്ലേഷൻ സ്റ്റഡീസ് ലെ ഇന്റഗ്രേറ്റഡ് എം ഫിൽ, പി എച് ഡി 2008 അഡ്മിഷൻ 01.06.2009 രജിസ്ട്രേഷൻ ഫുൾ ടൈം ഗവേഷകയായ Vennamol K V പ്രബന്ധ സമർപ്പണത്തിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള 40,000/- രൂപ ഫീസായി ഒടുക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച്. (No. 02604/ACDA3/SSUS/2024(1))

07.03.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് അദാലത്ത് തീരുമാന പ്രകാരമുള്ള ഫീസ് അടയ്ക്കുവാൻ ഗവേഷകയ്ക്ക് നിർദേശം നൽകാൻ തീരുമാനിച്ചു.

**Item No. 11**

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഡയറക്ടറുടെ പ്രവർത്തനത്തെയും കാലാവധിയെയും കുറിച്ചും പഠിക്കുന്നതിന് അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കുന്നത്-സംബന്ധിച്ച്. (No. 02889/ISSS1/SSUS/2024(1))

07.03.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് ബൈലോ, റഗുലേഷൻ,ഡയറക്ടർ നിയമനം, പ്രവർത്തന ലക്ഷ്യങ്ങൾ സംബന്ധിച്ച നയ രേഖകൾ തുടങ്ങിയ രേഖകളുടെ പകർപ്പ് അക്കാദമിക് & റിസർച്ച് കമ്മിറ്റി അംഗങ്ങൾക്ക് എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നിർദേശിക്കുന്നതിന് തീരുമാനിച്ചു.

**Item No. 12**

FYUGP പ്രോഗ്രാമുകൾക്ക് ചേരുന്നതിനുള്ള പ്രായപരിധി നിശ്ചയിക്കുന്നത്-സംബന്ധിച്ച്

(No. 00284/ACDB1/SSUS/2024(1))

നിലവിലെ രീതിയിൽ തന്നെ FYUGP പ്രോഗ്രാമുകൾക്ക് ചേരുന്നതിനുള്ള പ്രായപരിധി തുടരുവാൻ തീരുമാനിച്ചു.

**Item No. 13**

PG പ്രോഗ്രാമുകളിൽ 2-ാം സെമസ്റ്റർ മുതൽ സ്കിൽ ഓറിയന്റഡ് Add on Course കൾ ഓഫർ ചെയ്യുന്നത് സംബന്ധിച്ച്. (No. 00634/SOACDB/SSUS/2024 (1))

07.03.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്

Add on Course കളായ-

1. ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് കോഴ്സ്.
2. തുറമുഖ മേഖലയിലെ തൊഴിൽ സാധ്യത ലഭിക്കുന്നതും ലോജിസ്റ്റിക്സ് സംബന്ധമായ കോഴ്സ്
3. എയർപോർട്ട് മാനേജ്മെന്റ്
4. ജർമ്മൻ പോലുള്ള വിദേശഭാഷ പഠനം
5. Caring Giving മേഖലയിൽ തൊഴിൽ സാധ്യതയുള്ള കോഴ്സ്
6. പുരാതന ഇന്ത്യൻ ലിപികൾ പഠിക്കാൻ കഴിയുന്ന കോഴ്സ്
7. ഓഡിയോ വിഷ്വൽ കോഴ്സ്
8. മെഡിക്കൽ ഫോട്ടോഗ്രഫി

തുടങ്ങിയവ നടത്തുന്നതിന്റെ സാധ്യത പഠിക്കാനും പുതിയ കോഴ്സ് സംബന്ധിച്ച് പ്രാദേശിക കേന്ദ്രം ഡയറക്ടർ, വകുപ്പ് മേധാവികൾ എന്നിവരിൽ നിന്ന് പ്രൊപ്പോസൽസ് ക്ഷണിക്കാനും തീരുമാനിച്ചു.

**Item No. 14**

സർവകലാശാല MoU കമ്മിറ്റിയുടെ Duties & Functional Responsibilities സംബന്ധിച്ച terms of reference – സിൻഡിക്കേറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01887/ACDB1/SSUS/2024(1))

സർവകലാശാല MoU കമ്മിറ്റിയുടെ Duties & Functional Responsibilities സംബന്ധിച്ച terms of reference അംഗീകരിക്കുവാൻ തീരുമാനിച്ചു.

**Item No. 15**

ട്രാൻസ്ലേഷൻ സ്റ്റഡീസ് സെന്ററിന് കീഴിൽ FYUGP മൈനർ & MDC കോഴ്സുകൾ ആരംഭിക്കുന്നത് - സംബന്ധിച്ച്. (No. 03835/ACDB1/SSUS/2023(1))

ട്രാൻസ്ലേഷൻ സ്റ്റഡീസ് സെന്ററിന് കീഴിൽ FYUGP MDC കോഴ്സ് ആരംഭിക്കുന്നത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 16

സർവകലാശാല ഇന്റേണൽ കമ്മിറ്റി - അപ്പീൽ കമ്മിറ്റി രൂപീകരിക്കുന്നതിനായി വനിതാ അംഗത്തെ നാമനിർദേശം ചെയ്യുന്നത് സംബന്ധിച്ച്. (No. 01293/ADC3/SSUS/2023(2)).

ഇന്റേണൽ കമ്മിറ്റി റൂൾസ് & റെഗുലേഷൻസിലെ ക്ലോസ് 8.2.2 പ്രകാരം അപ്പീൽ കമ്മിറ്റി രൂപീകരിക്കാനും സിൻഡിക്കേറ്റംഗം ഡോ ഓമന പി വി യെ ടി. കമ്മിറ്റിയിലേക്ക് സിൻഡിക്കേറ്റ് പ്രതിനിധിയായി നാമനിർദേശം ചെയ്യാനും തീരുമാനിച്ചു. ഡോ. ടി. മിനി (കൺവീനർ), ഡോ. ഓമന പി.വി, ഡോ. സജിത കെ.ആർ, അഡ്വ. കെ തുളസി എന്നിവരടങ്ങുന്ന അപ്പീൽ കമ്മറ്റിയോട് ഒരാഴ്ച സമയംകൊണ്ട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിക്കാനും തീരുമാനിച്ചു.

## Item No. 17

സർവകലാശാലയിൽ ഓൺലൈൻ പ്രോഗ്രാമുകൾ ആരംഭിക്കുന്നതു - റിപ്പോർട്ട് സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് -സംബന്ധിച്ച്. (No. 03191 /SOSCOL /SSUS /2024 (1)).

18.03.2025 ന് കൂടിയ ഓൺലൈൻ ഡിസ്റ്റന്റ് ലേണിംഗ് & ഐ ടി സ്ഥിരം സമിതിയുടെ ശിപാർശകൾ പ്രകാരം

1. ODL പ്രോഗ്രാമുകൾ തുടങ്ങുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം ഒരുക്കുന്നതിന് K-REAP ന് കത്ത് നൽകാൻ തീരുമാനിച്ചു.

2. രണ്ട് പി ജി, രണ്ട് യു ജി കോഴ്സുകൾ ആരംഭിക്കാനും അടുത്ത സിൻഡിക്കേറ്റിന് മുമ്പ് പ്രോഗ്രാമുകളെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനും ODL പ്രോഗ്രാമുകളുടെ റെഗുലേഷൻ തയ്യാറാക്കി സമർപ്പിക്കാനും ODL ഡയറക്ടർക്ക് നിർദേശം നൽകാനും തീരുമാനിച്ചു. പി ജി/ യു ജി പ്രോഗ്രാം ഒന്ന് സംസ്കൃതത്തിലും മറ്റ് കോഴ്സുകൾ നിലവിലെ ആവശ്യകതയ്ക്കനുസരിച്ചും തയ്യാറാക്കേണ്ടതാണ്. സംസ്കൃതം കോഴ്സ് അടുത്ത ബാച്ചിനൊപ്പം ആരംഭിക്കാൻ തീരുമാനിച്ചു.

3. റേഡിയോ കണ്ടന്റ് ക്രിയേറ്ററെ താൽക്കാലികമായി നിയമിക്കാൻ തീരുമാനിച്ചു.

## Item No. 18

സർവകലാശാലയിൽ ITEP പ്രോഗ്രാം ആരംഭിക്കുന്നതിന്റെ ഭാഗമായി Centre for Pedagogical Studies ആരംഭിക്കുന്നത് - സംബന്ധിച്ച് (NO. 03547/ACDB1/SSUS/2023(1).

അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

# OUT OF AGENDA

**Item No. 1**
2025-2026 അക്കാദമിക് വർഷത്തെ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട്- (No. 00363/SOACDB/SSUS/2025(1)).

2025-26 അധ്യയന വർഷത്തെ പി.ജി, എൻട്രൻസ് & അഡ്മിഷൻ കമ്മിറ്റി സമർപ്പിച്ച 03.03.2025 ലെ റിപ്പോർട്ട് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 2**
ഡോ. അത്താവുള്ള ഖാന്റെ ഗൈഡ്ഷിപ്പ് പുഃനസ്ഥാപിക്കുന്നത് - സംബന്ധിച്ച് -(No. 00655 /ACDA3 /SSUS/ 2025(1))

ഉറുദു വകുപ്പ് പ്രൊഫസർ ഡോ. അത്താവുള്ള ഖാന്റെ ഗവേഷക ഗൈഡ്ഷിപ്പ് പിൻവലിച്ച സാഹചര്യത്തിൽ ടി അധ്യാപകന്റെ ഗവേഷക മേൽനോട്ടത്തിലുള്ള ഗവേഷക വിദ്യാർത്ഥികളുടെ മേൽനോട്ടച്ചുമതല സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ബഹു. വൈസ്ചാൻസലറെ ചുമതലപ്പെടുത്തി.

**Item No. 3**
Award of Ph.D Degree

a) Smt. Neethu Das P in Dance [No. EA/PhD/764/SSUS/2022]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, it is resolved to award Ph.D to the following Research Scholar on the date of Viva Voce held as noted below.

| Sl No. | Name | Faculty | Date of Viva Voce |
|---|---|---|---|
| | Neethu Das P | Arts & Social Sciences | 19.12.2024 |

Smt. Neethu Das P Research Scholar in Dance under the Faculty of Arts & Social Sciences for the Ph.D thesis titled **"കുച്ചിപ്പുടി നൃത്തത്തിലെ ചതുർവിധാഭിനയങ്ങൾ – ദക്ഷിണേന്ത്യൻ നാട്യ നാടകങ്ങളുമായി ഒരു താരതമ്യ പഠനം"**,under the guidance of Dr. C Venugopalan Nair, Professor (Rtd), SSUS, Kalady

## Item No. 4
സ്റ്റാറ്റ്യൂട്ട് ഭേദഗതി സംബന്ധിച്ച്.-

സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ട് സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച നടപടികൾ നിർത്തി വയ്ക്കാൻ തീരുമാനിച്ചു.

## Item No. 5
മുൻകൂർ ക്രമീകരണവുമായി ബന്ധപ്പെട്ട അദാലത്ത് സംബന്ധിച്ച്.-

മുൻകൂർ ക്രമീകരണവുമായി ബന്ധപ്പെട്ട് ബില്ലുകൾ സമർപ്പിക്കുന്നതിന് 3 മാസം സമയം നീട്ടി നൽകാനും മുൻകൂർ ക്രമീകരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരേയും കേൾക്കാനും തീരുമാനിച്ചു. അതിനുശേഷം പിഴ ഒഴിവാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾക്കായി സർക്കാരിലേക്ക് കത്ത് എഴുതാനും തീരുമാനിച്ചു.

## Item No. 6
സെമിനാർ /വർക്ക്ഷോപ്പ് നടത്തിപ്പ് സംബന്ധിച്ച്.-

സെമിനാർ വർക്ക്ഷോപ്പ് എന്നിവയ്ക്കായി സ്ക്രീനിങ് കമ്മിറ്റി, ഉപ സമിതികൾ എന്നിവയുടെ ശിപാർശയോടെ സിൻഡിക്കേറ്റ് അംഗീകരിച്ച തുകകളിൽ പിന്നീട് കുറവു വരുത്തുന്നത് ഒഴിവാക്കാൻ തീരുമാനിച്ചു.

## Item No. 7
2025-26 ലെ യു ജി, പി ജി അഡ്മിഷനുകളുടെ ചുമതല ഡോ. ലിസ്സി മാത്യു, പ്രൊഫസർ ഇൻ ചാർജ് ഓഫ് എക്സാമിന് നൽകാൻ തീരുമാനിച്ചു.

## Item No. 8
സർവകലാശാലയുടെ തിരുവനന്തപുരം, കൊയിലാണ്ടി, ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കാൻ തീരുമാനിച്ചു. ഇതിനായി പ്രാദേശിക കേന്ദ്രങ്ങൾ വിസിറ്റ് ചെയ്യാൻ സിൻഡിക്കേറ്റ് അംഗങ്ങളെ ചുമതലപ്പെടുത്തി ഡോ. എം സത്യനെ കോർഡിനേറ്ററായി നിയമിച്ചു.

## Item No.9
ബിരുദദാനത്തിനായി കോൺവൊക്കേഷൻ നടത്തുന്നത് സംബന്ധിച്ച്.-

മറ്റ് സർവകലാശാലകളിൽ നിലവിലുള്ള ഫീസ് ഈടാക്കി യു.ജി, പി.ജി, പി. എച്ച്. ഡി കോഴ്സുകൾക്ക് കോൺവൊക്കേഷൻ നടത്താൻ തീരുമാനിച്ചു.

**Item No.10**
ഗസ്റ്റ് അധ്യാപക നിയമനം സംബന്ധിച്ച്.-

നിലവിലുള്ള ഗസ്റ്റ് അധ്യാപകരുടെ സേവനം ഏപ്രിൽ 30 വച്ച് ടെർമിനേറ്റ് ചെയ്യാനും പരീക്ഷ ചുമതലകൾക്ക് ആവശ്യാനുസരണം മെയ് മാസം എൻഗേജ് ചെയ്യിക്കാനും തീരുമാനിച്ചു. 2025-2026 അക്കാദമിക് വർഷം മുതൽ പുതിയ ഗസ്റ്റ് ലക്ചറർമാരെ നിയോഗിക്കേണ്ടതാണ്. ഇതിനായി ഇന്റർവ്യൂ കാലടി മുഖ്യ കേന്ദ്രത്തിൽ വകുപ്പുതലത്തിൽ നടത്തുന്നതിന് തീരുമാനിച്ചു. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും, അപേക്ഷ ഫീസായി എസ് സി/എസ് ടി വിഭാഗത്തിന് 500/- രൂപയും മറ്റ് വിഭാഗങ്ങൾ 750/- രൂപയും ഈടാക്കുന്നതിനും തീരുമാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ** **വൈസ് ചാൻസലർ**